വയനാട് പ്രകൃതി സംരക്ഷണ സമിതി

എടക്കൽ ഗുഹാസംരക്ഷണ സമരത്തിന് **30** വർഷം



# എടക്കൽ പൈതൃകം സംരക്ഷണ ചരിത്രം

2017 ജനുവരി 7,8, തീയതികളിൽ
അമ്പലവയൽ ഹോട്ടൽ മൗണ്ട് അവന്യൂവിൽ

ചരിത്ര സെമിനാർ | സംരക്ഷണ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തവരുടെ ഒത്തുചേരൽ | ഡോക്യുമെന്ററി പ്രദർശനം

അമ്പലവയൽ
21-12-2016

സുഹൃത്തേ,

സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രമായിരുന്ന, അമൂല്യചരിത്രസമ്പത്തായ എടക്കൽ ഗുഹ അനിയന്ത്രിതമായ കരിങ്കൽ ക്വാറികളുടെ ബാഹുല്യം മൂലം സർവ്വനാശത്തിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയായിരുന്നു. മഹത്തായ ഈ ചരിത്രസ്മാരകത്തെ സംരക്ഷിക്കാൻ വയനാട് പ്രകൃതിസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ രൂപീകൃതമായ എടക്കൽ ഗുഹാസംരക്ഷണസമിതി കേരളത്തിലെ പ്രമുഖചരിത്രകാരന്മാരുടേയും സാംസ്കാരികപ്രവർത്തകരുടേയും പിന്തുണയോടെ നടത്തിയ സമരപ്രക്ഷോഭങ്ങൾക്ക് മുപ്പത് വർഷം തികയുകയാണ്.

എതിർപ്പുകളും ഭീഷണികളും അതിജീവിച്ച് സംരക്ഷിച്ചെടുത്ത എടക്കൽ ഗുഹയെ പിന്നീട് അതേറ്റെടുത്ത വയനാട് ടൂറിസം പ്രമോഷൻ കൗൺസിലോ ജില്ലാ-സംസ്ഥാന ഭരണകൂടങ്ങളോ വേണ്ടവിധം സംരക്ഷിക്കുവാൻ ഒന്നും ചെയ്തിട്ടില്ല. തങ്ങളുടെ കൈവശമുള്ള നിധികുംഭത്തിന്റെ മഹത്വം തിരിച്ചറിയാത്തവർ എടക്കലിനെ വിപണനം നടത്തി ധനസമ്പാദനത്തിൽ വ്യാപൃതരായിരിക്കുകയാണ്. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ അനാഥമായി കിടന്നിരുന്ന ചരിത്രാവശിഷ്ടങ്ങൾ ക്ലേശം സഹിച്ച് ശേഖരിച്ച് രൂപം കൊടുത്ത ഹെറിറ്റേജ് മ്യൂസിയം പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച്, ഡി.ടി.പി.സി.യുടെ മറ്റൊരു കറവപ്പശുവായി മാറിയിരിക്കയാണ്.

കഴിഞ്ഞകാലത്തെക്കുറിച്ചുള്ള ഓർമ്മകൾ വർത്തമാനത്തേയും ഭാവിയേയും രൂപപ്പെടുത്താൻ സഹായിക്കുമെന്നുള്ളതുകൊണ്ടാണ് വയനാട് പ്രകൃതിസംരക്ഷണസമിതി എടക്കൽ ഗുഹാസംരക്ഷണത്തെക്കുറിച്ചും പൈതൃക സംരക്ഷണത്തെക്കുറിച്ചും വീണ്ടും ചിന്തിക്കുന്നത്. പ്രമുഖ ചരിത്രകാരന്മാരും സാംസ്കാരിക പ്രവർത്തകരും പങ്കെടുത്ത സെമിനാറും പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത സുഹൃത്തുക്കളുടെ ഒത്തുചേരലും എടക്കൽ ഡോക്യുമെന്ററിയുടെ പ്രദർശനവും 2017 ജനുവരി 7,8 തിയ്യതികളിൽ നടക്കുകയാണ്. താങ്കളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിക്കുന്നു.

സ്വാഗതസംഘത്തിനുവേണ്ടി

എം. ഗംഗാധരൻ
(ചെയർമാൻ)

തോമസ് അമ്പലവയൽ
(കൺവീനർ)

## കാര്യപരിപാടി

**2017 ജനുവരി 7 ശനിയാഴ്ച**
**ഉച്ചകഴിഞ്ഞ് 2.30 - ന്**

# എടക്കൽ പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും

| | | |
|---|---|---|
| സ്വാഗതം | : | ബാബു മൈലമ്പാടി |
| അദ്ധ്യക്ഷൻ | : | പ്രൊഫ. ടി. മോഹൻബാബു |
| ഉദ്ഘാടനം | : | എം.പി. വീരേന്ദ്രകുമാർ എം.പി. |
| ആശംസകൾ | : | പി.സി. മോഹനൻമാസ്റ്റർ |
| | : | ഡോ. പി. ലക്ഷ്മണൻ |
| | | കെ യു. ബാലകൃഷ്ണൻ |
| | | സി.വി. ജോയി |
| | | വി.ജി. വിജയൻ |
| | | കെ.ജെ. ദേവസ്യ |
| | | വ്യാസൻ ആനപ്പാറ |
| | | കോണിക്കൽ ഖാദർ |
| | | ഡോ. അമ്പി ചിറയിൽ |
| ഓർമ്മ | : | എൻ. ബാദുഷ |
| അനുസ്മരണം | : | തോമസ് അമ്പലവയൽ |
| നന്ദി | : | പി.യു. ജോയി |

കെ.പി. അബ്ദുൾവഹാബ്,
പി.ടി. ജോൺ, അന്നമ്മച്ചേടത്തി,
ജോസ് തോമസ്സ്,
വേലായുധൻ കോട്ടത്തറ,
എം.എൻ. അനന്തൻ,
ടി.എ.രാജഗോപാൽ,
സി. എ. ഗോപാലകൃഷ്ണൻ,
ടി.ടി. ജേക്കബ്, കെ.ജി. തങ്കപ്പൻ,
വി.എം. രാജൻ, വി. ശശിധരൻ,
ഗോവിന്ദൻ സുചിത്ര,
എ.പി. ശ്രീകുമാർ,
സത്യൻ മാസ്റ്റർ കൽപ്പറ്റ,
പി.എം. തോമസ്സ്, എം.പി. മോഹനൻ
തുടങ്ങിയവർ പങ്കെടുക്കുന്നു.

എ.ജെ. തോമസ്,
എ.സി. അച്ച്യുതൻനായർ,
എം.വി. ദേവൻ, കെ.ജയചന്ദ്രൻ,
പി. വാസുപണിക്കർ,
നവാബ് രാജേന്ദ്രൻ
കെ.ജി. മാരാർ, വി.കെ. കേശവദാസ്,
ടി.പി. ബാലകൃഷ്ണപിള്ള,
വി.എം. ഹരിദാസ്, ടി.സി. ജോൺ,
പി.പി. വർഗ്ഗീസ്, പി.കെ. കൃഷ്ണൻ,
[illegible], പി. വേലുണ്ണി,
ഇ.എം. ഗംഗാധരൻ,
പി.സി. ബാലകൃഷ്ണൻ മാസ്റ്റർ,
എ.എം. കുര്യൻ, തങ്കപ്പൻ,
കടവൻ അബൂബക്കർ
തുടങ്ങിയവരെ അനുസ്മരിക്കുന്നു.

---

2017 ജനുവരി 8 ഞായറാഴ്ച 10 AM
[illegible]

# എടക്കൽ പൈതൃകം - സംരക്ഷണ ചരിത്രം സെമിനാർ

| | | |
|---|---|---|
| സ്വാഗതം | : | എം. ഗംഗാധരൻ |
| ആമുഖം | : | എൻ. ബാദുഷ |
| മോഡറേറ്റർ | : | **കെ.കെ. മുഹമ്മദ്** (മുൻ ഡയറക്ടർ, ആർക്കിയോളജി വകുപ്പ്, ഗവ. ഓഫ്. ഇൻഡ്യ) |
| ഉദ്ഘാടനം | : | **പ്രൊഫ. എം.ജി.എസ്. നാരായണൻ** |
| ആശംസ | : | ടി. രവീന്ദ്രൻതമ്പി, മുൻ ജില്ലാ കലക്ടർ |

| | | |
|---|---|---|
| വിഷയാവതരണം | : | 1. ഡോ. എം.ആർ. രാഘവവാരിയർ |
| | | *എടക്കൽ പൈതൃകം* |
| | | 2. ഡോ. രാജൻ ഗുരുക്കൾ |
| | | *എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും* |
| | | 3. ശ്രീജിത്ത് |
| | | *വയനാട്ടിലെ ജൈനസംസ്കൃതി* |
| നന്ദി | : | ജസ്റ്റിൻ പ്രകാശ് |

---

2017 ജനുവരി 8 ഞായറാഴ്ച
**ഉച്ചകഴിഞ്ഞ് 2.30 - ന്**

---

## വയനാടിന്റെ പൈതൃകസംരക്ഷണ ചിന്ത

| | | |
|---|---|---|
| മോഡറേറ്റർ | : | ഡോ. എം.ആർ. രാഘവവാരിയർ |
| വിഷയാവതരണം | : | ശ്രീ. തോമസ് അമ്പലവയൽ |
| ചർച്ച-ഭാവി കർമ്മപരിപാടി | | |
| നന്ദി | : | വി. ഹരികുമാർ |
| 4.30: ഡോക്യുമെന്ററി പ്രദർശനം 'എടക്കൽ ദ റോക്ക് മാജിക്ക്' | | |
| മുഖാമുഖം | : | പി.ടി. സന്തോഷ് കുമാർ (സംവിധായകൻ) , ഡോ. എം.വിജയലക്ഷ്മി (നിർമ്മാതാവ്) |
| നന്ദി | : | പൗലോസ് നെടിലാമറ്റം |

വയനാട്ടിൽ എടക്കൽ ഗുഹയിലെ പാറച്ചുവരുകളിൽ കാണുന്ന ചിത്രങ്ങൾ കേരളത്തിലെയെന്നല്ല, ലോകത്തെങ്ങുമുള്ള ശിലാചിത്രങ്ങളേക്കാളെല്ലാം സമ്പന്നമാണ്. ഈ ചിത്രങ്ങൾ കഴിഞ്ഞ നൂറ്റാണ്ടിലെ ആദ്യ വർഷങ്ങളിൽ മലബാറിലെ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന ഫാസറ്റ് കണ്ടെത്തി റിപ്പോർട്ട് ചെയ്തതുമുതൽ പതിനായിരങ്ങളെ ആകർഷിച്ചുകൊണ്ട് നിലകൊള്ളുന്നു. എടക്കൽ ചിത്രങ്ങളിൽ ആൾരൂപങ്ങളും, മൃഗങ്ങളും, വണ്ടികളും, ചക്രങ്ങളുമുണ്ട്. പലതരം ജ്യാമിതീയ രൂപങ്ങളും അവയിൽ കാണാം. പാറയുടെ പ്രതലങ്ങളിൽ കല്ലുളി പോലുള്ള ഏതോ ഉപകരണംകൊണ്ട് കുഴിച്ചാണ് ചിത്രങ്ങൾ തീർത്തിട്ടുള്ളത്. വട്ടം, ചതുരം, ത്രികോണം, ചിഹ്നങ്ങൾ എന്നിവയുടെ സാന്നിദ്ധ്യവും ഇവയിലുണ്ട്. ചിത്രങ്ങളിൽ ചിലത് പ്രാചീന മന്ത്രവാദത്തിലെ മണ്ഡലങ്ങളെ ഓർമ്മിപ്പിക്കും. വേറെ ചിലതിന് ഉപഭൂഖണ്ഡത്തിലെ മറ്റു പ്രാക്ചരിത്ര സ്ഥാനങ്ങളിലുള്ള ചിഹ്നങ്ങളോട് സാദൃശ്യമുണ്ട്. ആയിരത്താണ്ടുകൾക്കപ്പുറം മണ്മറഞ്ഞ കാലത്തിന്റെ ഓർമ്മകൾ വാരി അരിയേറു നടത്തുന്ന വിലമതിക്കാനാവാത്ത ഈ ലോകപൈതൃകം സന്ദർശകരുടെ അവിവേകവും അധികൃതരുടെ അനാസ്ഥയും കാരണം ഇന്നു ഭീഷണിയിലാണ്. കഴിഞ്ഞകാലത്ത് വയനാട് പ്രകൃതി സംരക്ഷണസമിതിയുടെ നേതൃത്ത്വത്തിൽ ഒരു സംഘം ചെറുപ്പക്കാരുടെ ശ്രദ്ധാപൂർവ്വമായ ഇടപെടൽമൂലമാണ് കിടയറ്റ ഈ പൈതൃകസ്ഥാനം ഇന്നവിടെ നിലനിൽക്കുന്നത്. അതുപോലുള്ള സംരക്ഷണയത്നം എടക്കൽ ചിത്രങ്ങൾക്ക് ഇപ്പോൾ അത്യാവശ്യമായി വന്നിരിക്കുന്നു.

— ഡോ. എം.ആർ. രാഘവവാരിയർ

*Modern Offset, Bathery. Ph.: 222681*